LIBRARY ARCHIVES Kerala Legislative Assembly

മാരിടൈം ബോർഡിലെ ജീവനക്കാരായി നിശ്ചയിച്ചതിൽ ജീവനക്കാർക്കുള്ള ആശങ്ക

126 (3758) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിലെ ജീവനക്കാരെ മാരിടൈം ബോർഡിലെ ജീവനക്കാരായി നിശ്ചയിച്ചതിൽ ജീവനക്കാർക്കുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജീവനക്കാർ ബോർഡിലെ ജീവനക്കാരായി മാറുമ്പോൾ അവരുടെ നിലവിലെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചപ്പോൾ ഇല്ലാതായ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ)വകുപ്പിലെ തസ്തികകൾ സൂപ്പർ ന്യൂമറിയാക്കി സർക്കാർ ജീവനക്കാരായി തുടരുന്നതിന് അനുമതി നൽകിയതുപോലെ തുറമുഖ വകുപ്പിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി തുടരാൻ അനുമതി നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ദിഷ്ട മാരിടൈം ബോർഡ് സെക്ഷൻ 16(f) പ്രകാരവും സെക്ഷൻ 17 പ്രകാരവും തുറമുഖ വകുപ്പിലെ സർക്കാർ ജീവനക്കാരെ നിലവിലുള്ള അതേ വ്യവസ്ഥകൾ അനുസരിച്ച് ബോർഡിലെ ജീവനക്കാരാക്കി മാറ്റിയിട്ടുണ്ട്. സെക്ഷൻ 18 പ്രകാരം ജീവനക്കാരുടെ ശമ്പളവും പെൻഷനുമെല്ലാം ബോർഡിന്റെ ബാദ്ധ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്. സെക്ഷൻ 72(b) പ്രകാരം ശമ്പളം, ഫീസ്, റെമ്യൂണറേഷൻ, പെൻഷൻ, അലവൻസ്, ഗ്രാറ്റുവിറ്റി, സമാശ്വാസ ബത്ത ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ബോർഡ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) നിർദ്ദിഷ്ട മാരിടൈം ബോർഡിൽ ഇത്തരത്തിൽ ഒരു വ്യവസ്ഥ പ്രതിപാദിച്ചിട്ടില്ല.

കായിക്കര പാലം നിർമ്മാണം

127 (3759) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിന്റെ പരിഗണനയിലുള്ള കായിക്കര പാലം നിർമ്മാണത്തിന് പ്രാഥമിക ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;